# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2143** 07.03.2017-ൽ മറുപടിക്ക്

## സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സമഗ്ര ക്യാൻസർ ചികിത്സാ വിഭാഗം

**ചോദ്യം** **മറുപടി**

**ശ്രീ.കെ.മുരളീധരൻ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സമഗ്ര ക്യാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കാമോ; | എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സമഗ്ര കാൻസർ ചികിത്സാ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ നൂതന ചികിത്സാ സംവിധാനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര സർക്കാരിന്റെ കാൻസർ ചികിത്സ പദ്ധതിയുടെ ഭാഗമായി ലഭിച്ച 25.03 കോടി രൂപ ചെലവഴിച്ച് അത്യാധുനിക സംവിധാനമുള്ള കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. എറണാകുളം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കൊച്ചിൻ കാൻസർ സെന്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കാൻസർ രോഗികളുടെ വർദ്ധനയ്ക്ക് ആനുപാതികമായി സേവനം നൽകുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ കാൻസർ കെയർ സെന്ററുകൾ. എല്ലാ ജില്ലയിലും ആരോഗ്യവകുപ്പിനു കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇതിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 225/ 16/ആ.ക.വ തീയതി 22/12/2016 പ്രകാരം 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപത്തോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ